## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.632 | 28/02/2017-ൽ മറുപടിക്ക്

## ബി.എസ്.ഇ.എസ്. ലിമിറ്റഡിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ

| | ചോദ്യം<br><br>**ശ്രീ.ജോൺ ഫെർണാണ്ടസ്** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പ്രതിവർഷം 1100 ലക്ഷം യൂണിറ്റ് ഉത്പാദനശേഷിയുള്ള കളമശ്ശേരി ഏലൂരിലെ ബി.എസ്.ഇ.എസ്. പവർ ലിമിറ്റഡിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ പുതുക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | ബി.എസ്.ഇ.എസ്. ഏലൂർ നിലയത്തിൽ, നാഫ്ത എന്ന ഇന്ധനം ഉപയോഗിച്ചാണ് വൈദ്യുതി ഉല്പാദിപ്പിക്കുന്നത്. ഇപ്പോൾ നാഫ്തയുടെ വില വളരെ കൂടുതലാണ്. അതിനാൽ ഇവിടെ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക് മറ്റു സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി വിലയേക്കാൾ വളരെ കൂടുതലാണ്. ഇക്കാരണത്താൽ തന്നെ കരാർ കാലയളവിൽ പോലും അടിയന്തിര ഘട്ടങ്ങളിൽ മാത്രമെ ഈ നിലയത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിച്ചിരുന്നുള്ളൂ. കൂടാതെ ഫിക്സഡ് ചാർജ്ജ് ഇനത്തിൽ ഭീമമായ തുക നൽകേണ്ടതും ഉണ്ടായിരുന്നു. ദീർഘകാലാടിസ്ഥാനത്തിൽ വില കുറഞ്ഞ വൈദ്യുതി ലഭ്യമാക്കുവാൻ ബോർഡ് കരാറുകളിലും മറ്റും ഏർപ്പെട്ടുവരികയാണ്. അതുകൊണ്ടാണ് ഇവിടെ നിന്നുള്ള വൈദ്യുതി വാങ്ങുന്ന കാര്യം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പരിഗണിക്കാത്തത്. ബി.എസ്.ഇ.എസുമായുള്ള വൈദ്യുതി വാങ്ങൽ സംബന്ധിച്ച് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 26.10.2016-ലെ ഉത്തരവ് അനുസരിച്ചും ഇപ്പോൾ വൈദ്യുതി മേഖലയിൽ |

(...2)

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യങ്ങളും ഫിക്സഡ് ചാർജ്ജ് നൽകേണ്ട സാമ്പത്തിക ബാധ്യതയും കണക്കിലെടുത്തുമാണ് ബി.എസ്.ഇ. എസ്. പവർ ലിമിറ്റഡിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ പുതുക്കേണ്ടതില്ല എന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീരുമാനിച്ചത്. |
| (ബി) | വ്യവസായ സിരാകേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്നതുകൊണ്ടും പ്രസരണ നഷ്ടം കൂടാതെ വൈദ്യുതി ലഭ്യമാകുന്നതുകൊണ്ടും ഈ താപ വൈദ്യുതി നിലയത്തെ പ്രകൃതി വാതകത്തിലേക്ക് പരിവർത്തനപ്പെടുത്തി നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | ബി.എസ്.ഇ.എസ്. എന്ന കമ്പനിയുമായി നിലവിൽ കരാർ ഇല്ലാത്തതിനാലും അവിടെ നിന്നുള്ള വൈദ്യുതി സാമ്പത്തികമായി ലാഭകരമല്ല എന്നതു കൊണ്ടും ആണ് ഈ ഉല്പാദന നിലയം പ്രകൃതിവാതകത്തിലേയ്ക്ക് പരവർത്തനപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണിക്കാത്തത്. |
| (സി) | കെ.എസ്.ഇ.ബി. യുമായുള്ള കരാർ പ്രകാരം വാങ്ങി സൂക്ഷിച്ചിട്ടുള്ള 6500 ടൺ നാഫ്ത അപകടകാരിയായതിനാൽ ലേ ഓഫും അടച്ചുപൂട്ടലും ഒഴിവാക്കി തുടർന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) & (ഡി) | ഇപ്പോൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും ബി.എസ്.ഇ. എസുമായി ഉണ്ടായിരുന്ന വൈദ്യുതി വാങ്ങൽ കരാറിന്റെ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ഏലൂരിൽ സൂക്ഷിച്ചിട്ടുള്ള നാഫ്ത നീക്കം ചെയ്യേണ്ടതും അപകടം ഒഴിവാക്കേണ്ടതും ബി.എസ്.ഇ. എസ്. കമ്പനിയുടെ ഉത്തരവാദിത്വമാണ്. ഇപ്പോൾ സൂക്ഷിച്ചിട്ടുള്ള ഇന്ധനം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിച്ച് മറ്റൊരു കമ്പനിക്ക് വിൽക്കുന്നതിനോ, ഇന്ധനം ഓയിൽ കമ്പനിക്ക് മടക്കി നൽകുന്നതിനോ മൂന്നാമത് ഒരാൾക്ക് വിൽക്കുന്നതിനോ ബി.എസ്.ഇ.എസ്.ന് നിയമപരമായ തടസ്സങ്ങളില്ല. ബി.എസ്.ഇ.എസ് കേരള പവർ ലിമിറ്റഡ് പാട്ടത്തിൽ എടുത്തിരിക്കുന്ന TCCL ന്റെ 20 ഏക്കർ സ്ഥലം കെ.എസ്.ഇ.ബി.എൽ ന് വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി കൈമാറുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരികയാണ്. |
| (ഡി) | ആയതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ